# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:25-06-2024**

## പ്രധാനവാർത്തകൾ

1. ലോക്സഭാ സ്പീക്കർ തിരഞ്ഞെടുപ്പ് നാളെ. ഓം ബിർളയും കൊടിക്കുന്നിൽ സുരേഷും ഇന്ന് പത്രിക സമർപ്പിച്ചു.

2. പ്ലസ് വൺ സീറ്റ് പ്രതിസന്ധി പഠിക്കാൻ രണ്ടംഗ സമിതിയെ നിയോഗിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി. വിഷയത്തിൽ ഇടപെട്ട ദേശീയ ബാലാവകാശ കമ്മീഷൻ സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിനോട് റിപ്പോർട്ട് തേടി.

3. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് 100 കോടി രൂപകൂടി അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ.

4.കേരളാ ബാങ്കിനെ സി ക്ലാസ് പട്ടികയിലേക്ക് തരം താഴ്ത്തി റിസർവ് ബാങ്ക് .

5.സംസ്ഥാനത്ത് ശക്തമായ മഴയ്ക്ക് സാധ്യത.പത്തനംതിട്ട, ഇടുക്കി, കണ്ണൂർ ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത .

6. ട്വൻറി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനൽ ലൈനപ്പായി. ആദ്യ സെമിയിൽ അഫ്ഗാനിസ്ഥാൻ ദക്ഷിണാഫ്രിക്കയെയും രണ്ടാം സെമിയിൽ ഇന്ത്യ ഇംഗ്ലണ്ടിനെയും നേരിടും.

$$$$$$$$$$$$$$$$$$$$$$$$$$

**പാർലമെന്റ്**

RNU TVPM

പതിനെട്ടാം ലോക് സഭയുടെ രണ്ടാം സമ്മേളന ദിനമായ ഇന്ന്, പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ സത്യപ്രതിജ്ഞ നടന്നു. കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി ഉൾപ്പെടെയുള്ള അംഗങ്ങൾ ഇന്ന് സത്യപ്രതിജ്ഞ ചെയ്തു. ഇന്നലെ പ്രധാനമന്ത്രി നരേന്ദ്ര മോദി, കേന്ദ്രമന്ത്രിമാരായ രാജ്നാഥ് സിംഗ്, അമിത് ഷാ, നിതിൻ ഗഡ്കരി, ശിവരാജ് സിംഗ് ചൗഹാൻ, പിയൂഷ് ഗോയൽ, ഉൾപ്പെടെ തിരഞ്ഞെടുക്കപ്പെട്ട 266 എംപിമാർ സത്യപ്രതിജ്ഞ ചെയ്തു. രാഷ്ട്രപതി ദ്രൗപദി മുർമു പാർലമെൻറിൻറെ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തെ മറ്റന്നാൾ അഭിസംബോധന ചെയ്യും. മറ്റന്നാൾ രാജ്യസഭാ സമ്മേളനത്തിനും തുടക്കമാകും. അടുത്ത മാസം മൂന്നുവരെയാണ് പാർലമെൻറ് സമ്മേളനം.

$$$$$$$$$$$$$$$$$$$$$$$$$

**സ്പീക്കർ**

പതിനെട്ടാം ലോക്സഭയിലെ സ്പീക്കർ തിരഞ്ഞെടുപ്പ് നാളെ നടക്കും. കഴിഞ്ഞ ലോക്സഭയിൽ സ്പീക്കർ കൂടിയായിരുന്ന മുതിർന്ന ബിജെപി എംപി ഓം ബിർള ഇത്തവണയും എൻഡിഎ സ്ഥാനാർത്ഥിയാകും. അതേസമയം കോൺഗ്രസ്സ് ഉൾപ്പെടുന്ന പ്രതിപക്ഷ സഖ്യം മാവേലിക്കര എം പി കൊടിക്കുന്നിൽ സുരേഷിനെ സ്പീക്കർ സ്ഥാനത്തേക്ക് നിർദേശിച്ചു. രണ്ട് സ്ഥാനാർത്ഥികളും ഇന്ന് പത്രിക സമർപ്പിച്ചു.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$

**പ്ലസ് വൺ**

പ്ലസ് വൺ സീറ്റ് പ്രതിസന്ധി പഠിക്കാൻ രണ്ടംഗ സമിതിയെ നിയോഗിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി. ഹയർ സെക്കൻഡറി ജോയിൻറ് ഡയറക്ടറും മലപ്പുറം ജില്ലാ വിദ്യാഭ്യാസ ഓഫീസറും സമിതിയിലുണ്ട്. സമിതി റിപ്പോർട്ടിൻറെ അടിസ്ഥാനത്തിലായിരിക്കും ബാച്ച് വർധനയിൽ തീരുമാനമെടുക്കുക.

(വി .ശിവൻകുട്ടി ...വോയിസ് ബൈറ്റ് )

പ്ലസ് വൺ ക്ലാസുകളിൽ ഇനിയും കുട്ടികളുടെ എണ്ണം കൂട്ടാനാകില്ലെന്നും താൽക്കാലിക ബാച്ച് അനുവദിക്കുമെന്നും വിദ്യാഭ്യാസമന്ത്രി പറഞ്ഞു.

സപ്ലിമെന്ററി അലോട്ട്മെന്റോടു കൂടി പ്രശ്നത്തിന് പരിഹാരം കാണും. പ്ലസ് വണ്ണിന് പൊതുവിദ്യാലയങ്ങളിൽ 7478 സീറ്റുകളുടെ കുറവുണ്ടെന്നും മന്ത്രി വ്യക്തമാക്കി. അതേസമയം, വിഷയത്തിൽ ഇടപെട്ട ദേശീയ ബാലാവകാശ കമ്മീഷൻ സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിനോട് റിപ്പോർട്ട് തേടി. ഏഴ് ദിവസത്തിനുള്ളിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്നാണ് നോട്ടീസ്.

$$$$$$$$$$$$$$$$$$$$$$$$$

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക്**

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് 100 കോടി രൂപകൂടി അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. ഏപ്രിലിൽ 150 കോടി രൂപ നല്കിയതുൾപ്പടെ ഇതുവരെ 2,795 കോടി രൂപ പദ്ധതിക്കായി നൽകിയിട്ടുണ്ട്. ഇതിൽ വർഷം 151 കോടി രൂപ കേന്ദ്ര സർക്കാർ വിഹിതമാണ്. കുടുംബത്തിന് പ്രതിവർഷം അഞ്ചുലക്ഷം രൂപവരെ സൗജന്യ ചികിത്സ ഉറപ്പാക്കുന്ന പദ്ധതിയിൽ ഏകദേശം 42 ലക്ഷം കുടുംബങ്ങൾ ഗുണഭോക്താക്കളാണ്. നിലവിൽ 197 സർക്കാർ ആശുപത്രികളും, നാല് കേന്ദ്ര സർക്കാർ ആശുപത്രികളിലും, 364 സ്വകാര്യ ആശുപത്രികളിലുമായി കേരളത്തിലുടനീളം പദ്ധതിയുടെ സേവനം ലഭ്യമാണ്.

RNUTVPM

$$$$$$$$$$$$$$$$$$$$$$$$$

**ഉപരാഷ്ട്രപതി -കേരളത്തിൽ**

ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ അടുത്ത മാസം 6 ന് കേരളത്തിലെത്തും. തിരുവനന്തപുരം വലിയമല ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പേസ് സയൻസ് & ടെക്നോളജിയിൽ നടക്കുന്ന പരിപാടിയിൽ ഉപരാഷ്ട്രപതി പങ്കെടുക്കും.

$$$$$$$$$$$$$$$$$$$$$$$$$

**കേരളാ ബാങ്കിനെ തരംതാഴ്ത്തി**

കേരളാ ബാങ്കിനെ റിസർവ് ബാങ്ക് സി ക്ലാസ് പട്ടികയിലേക്ക് തരം താഴ്ത്തി. വായ്പ വിതരണത്തിൽ അടക്കം കടുത്ത നിയന്ത്രണം ഏർപ്പെടുത്തുന്നതാണ് നടപടി. ഇതോടെ കേരള ബാങ്കിന് ഇനി 25 ലക്ഷത്തിന് മുകളിൽ വ്യക്തിഗത വായ്പ നൽകാനാവില്ല. നൽകിയ വായ്പകൾ ഘട്ടം ഘട്ടമായി

തിരിച്ച് പിടിക്കണമെന്നും നിർദ്ദേശമുണ്ട്. വായ്പ നിയന്ത്രണത്തിൽ വിവിധ ശാഖകൾക്ക് കേരളാ ബാങ്ക് കത്തയച്ചു. നബാർഡിൻ്റെ റിപ്പോർട്ടിൻ്റെ അടിസ്ഥാനത്തിലാണ് റിസർവ് ബാങ്കിൻറെ നടപടി.

$$$$$$$$$$$$$$$$$$$$$$$$$$

## മന്ത്രി വീണാ ജോർജ് കത്തയച്ചു

കേന്ദ്ര ആരോഗ്യ വകുപ്പ് മന്ത്രിയ്ക്ക് മന്ത്രി വീണാ ജോർജ് കത്തെഴുതി. സംസ്ഥാനത്തെ ദേശീയ ആരോഗ്യ മിഷൻറെ പ്രവർത്തനങ്ങൾക്കായി 2023-24 സാമ്പത്തിക വർഷം ലഭിക്കേണ്ടിയിരുന്ന 637 കോടിയുടെ ക്യാഷ് ഗ്രാൻറും നടപ്പ് സാമ്പത്തിക വർഷത്തെ ഒന്നാം ഗഡുവും അനുവദിച്ച് നൽകണമെന്ന് മന്ത്രി അഭ്യർത്ഥിച്ചു. കേരളത്തിന് അർഹമായ കേന്ദ്ര വിഹിതം അനുവദിക്കാത്തതിനാൽ ആരോഗ്യ രംഗത്തെ പല വിഭാഗങ്ങളും ബുദ്ധിമുട്ട് നേരിടുന്നു. എമർജൻസി ആംബുലൻസ് സർവീസ്, ബയോ മെഡിക്കൽ ഉപകരണങ്ങൾ, എൻഎച്ച്എം ജീവനക്കാരുടെ ശമ്പളം, ആശാവർക്കർമാരുടെ ഇൻസെൻറീവ്, പാലിയേറ്റീവ് കെയർ, ഡയാലിസിസ്, തുടങ്ങിയ വിവിധ വിഭാഗങ്ങളെ ഇത് ബാധിച്ചിട്ടുണ്ട്.

$$$$$$$$$$$$$$$$$$$$$$$$$$

RNU TVPM

## സപ്ലൈകോയുടെ സുവർണ ജൂബിലി

സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻറെ സുവർണ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി. ഒരു വർഷം നീണ്ടു നിൽക്കുന്ന ആഘോഷ പരിപാടികൾ തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. 50-ാം വാർഷികത്തിൻറെ ഭാഗമായി ഫിഫ്റ്റി ഫിഫ്റ്റി പദ്ധതിയിലൂടെ സപ്ലൈകോ ഔട്ട്ലെറ്റുകൾ വഴി 50 ജനപ്രിയ ഉത്പന്നങ്ങൾക്ക് 50 ദിവസത്തേക്ക് പ്രത്യേക വിലക്കുറവും ഓഫറും നൽകും. കൂടാതെസപ്ളൈകോ ഹാപ്പി അവേഴ്സ് എന്ന പേരിൽ നടപ്പാക്കുന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ സപ്ലൈകോ സൂപ്പർ മാർക്കറ്റുകളിലും ഹൈപ്പർ മാർക്കറ്റുകളിലും ഉച്ചയ്ക്കു രണ്ടു മുതൽ മൂന്നു വരെ പൊതു ജനങ്ങൾക്കു പ്രത്യേക വിലക്കുറവിൽ സാധനങ്ങൾ വാങ്ങാനാകും. സബ്സിഡി ഇല്ലാത്ത ഉത്പന്നങ്ങൾ വാങ്ങുന്ന ഉപഭോക്താക്കളുടെ ബിൽ തുകയിൽ നിന്ന് നിലവിലുള്ള വിലക്കുറവിന് പുറമേ 10 ശതമാനം അധിക വിലക്കുറവ് ഈ പദ്ധതി പ്രകാരം നൽകും.

$$$$$$$$$$$$$$$$$$$$$$$$$$

**നിയമസഭ - പിരിഞ്ഞു**

ടി.പി.ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളുടെ ശിക്ഷാ ഇളവുമായി ബന്ധപ്പെട്ട് പ്രതിപക്ഷം കൊണ്ടു വന്ന അടിയന്തര പ്രമേയ നോട്ടീസിന് അനുമതി നിഷേധിച്ചതിനെ തുടർന്ന് നിയമസഭ ഇന്നും പ്രക്ഷുബ്ധം. പ്രതിപക്ഷത്ത് നിന്ന് കെ കെ രമയാണ് അടിയന്തര പ്രമേയ അവതരണത്തിന് അനുമതി തേടിയത്. പ്രതികൾക്ക് ശിക്ഷാ ഇളവ് നൽകുന്നത് സംബന്ധിച്ച നീക്കം സർക്കാരിൻറെ ഭാഗത്തു നിന്ന് ഉണ്ടായിട്ടില്ലെന്ന് സ്പീക്കർ പറഞ്ഞു. അടിയന്തര പ്രാധാന്യമുള്ള വിഷയമല്ലാത്തതിനാൽ നോട്ടീസ് നിരസിക്കുകയാണെന്നും അദ്ദേഹം അറിയിച്ചു. എന്നാൽ, അംഗത്തിന് വിഷയം സബ്മിഷനായി സഭയിൽ അവതരിപ്പിക്കാമെന്നും സ്പീക്കർ വ്യക്തമാക്കി. സർക്കാർ പറയേണ്ട മറുപടി സ്പീക്കർ പറഞ്ഞത് അനൗചിത്യമാണെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. പ്രതിപക്ഷം മുദ്രാവാക്യം വിളികളുമായി നടുത്തളത്തിലിറങ്ങി പ്രതിഷേധിക്കുന്നതിനിടെ സ്പീക്കർ മറ്റ് സഭാ നടപടികളിലേക്ക് കടന്നു. എന്നാൽ ബഹളം രൂക്ഷമായതിനെ തുടർന്ന് സഭ പിരിയുകയായിരുന്നു.

RNU TVPM

$$$$$$$$$$$$$$$$$$$$$$$$$$

**ക്രിക്കറ്റ്**

ട്വൻറി -20 പുരുഷ ലോകകപ്പ് ക്രിക്കറ്റ് സെമി ഫൈനൽ ലൈനപ്പായി.മറ്റന്നാൾ പുലർച്ചെ ആറിന് തരാബയിൽ ആദ്യ സെമിയിൽ അഫ്ഗാനിസ്ഥാൻ ദക്ഷിണാഫ്രിക്കയുമായും രണ്ടാം സെമിയിൽ രാത്രി എട്ടിന് ഇന്ത്യ ഇംഗ്ലണ്ടിനെയും നേരിടും. ഇന്ന് നടന്ന മത്സരത്തിൽ ബംഗ്ലാദേശിനെ 8 റൺസിന് പാരാജയപ്പെടുത്തിയാണ് അഫ്ഗാനിസ്ഥാൻ സെമി യോഗ്യത നേടിയത്. ഇതോടെ ഓസ്ട്രേലിയ ടൂർണമെന്റിൽ നിന്ന് പുറത്തായി.ഇന്നലെ നടന്ന സൂപ്പർ 8 മത്സരത്തിൽ ഓസ്ട്രേലിയയെ 24 റൺസിന് പരാജയപ്പെടുത്തിയാണ് ഇന്ത്യ സെമിയിലെത്തിയത്.

$$$$$$$$$$$$$$$$$$$$$$$$$$

**മഴ - സംസ്ഥാനം**

കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യത.പത്തനംതിട്ട, ഇടുക്കി, കണ്ണൂർ ജില്ലകളിൽ ഇന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. തിരുവനന്തപുരം,കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കാസർഗോഡ് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതാ നിർദേശമുണ്ട് . കേരള തമിഴ്നാട് തീരങ്ങളിൽ നാളെ രാത്രി വരെ കള്ളക്കടൽ പ്രതിഭാസത്തിനും ഉയർന്ന തിരമാലക്കും സാധ്യതയുള്ളതിനാൽ മത്സ്യത്തൊഴിലാളികളും പ്രദേശ വാസികളും ജാഗ്രത പുലർത്തണം.

$$$$$$$$$$$$$$$$$$$$$$$$$

**ഷട്ടർ -ഉയർത്തി**

മൂന്നാർ രാമസ്വാമി അയ്യർ ഹെഡ് വർക്ക്സ് ഡാമിൽ ഒരു ഷട്ടർ 10 സെൻറീമീറ്റർ ഉയർത്തിയിട്ടുണ്ട്. മുതിരപ്പുഴയാറിൻറെ ഇരുകരകളിലും താമസിക്കുന്നവർ ജാഗ്രത പുലർത്തണമെന്ന് ജില്ലാകളക്ടർ അറിയിച്ചു.

$$$$$$$$$$$$$$$$$$$$$$$$$

ഛത്തിസ്ഗഢിൽ മാവോയിസ്റ്റ് ആക്രമണത്തിൽ വീരമൃത്യു വരിച്ച തിരുവനന്തപുരം സ്വദേശിയായ സിആർപിഎഫ് ജവാൻ ആർ.വിഷ്ണുവിന് വിട. വിഷ്ണുവിന്റെ മൃതദേഹം പാലോട് കരിമൺകോട് ശാന്തികുടീരം പൊതു ശ്മശാനത്തിൽ ഔദ്യോഗിക ബഹുമതികളോടെ സംസ്കരിച്ചു.

ഇന്ന് പുലർച്ചെ 1.30 ഓടെയാണ് വിഷ്ണുവിന്റെ മൃതദേഹം തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിച്ചത്. തുടർന്ന് മൃതദേഹം ജന്മ നാടായ പാലോട് എത്തിച്ചു. രാവിലെ കുടുംബ വീട്ടിലും നന്ദിയോട് ജംഗ്ഷനിലും ഭൗതിക ശരീരം പൊതു ദർശനത്തിന് വച്ചിരുന്നു. ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മന്ത്രി ജി ആർ അനിൽ ഉൾപ്പെടെ നിരവധി പ്രമുഖർ വിഷ്ണുവിന് അന്ത്യാഞ്ജലി അർപ്പിക്കാൻ എത്തിയിരുന്നു.

$$$$$$$$$$$$$$$$$$$$$$$$$
$$$$$$$$$$$$$$$$
$$$$$$$$$$

RNUTVPM

RNU TVPM